# കടൽ സുരക്ഷയും ഇൻഷുറൻസും*

***കടലിലെ-സുരക്ഷാ പ്രശ്നങ്ങൾ (ഉൾനാടൻ-സമുദ്ര മത്സ്യ മേഖലകളിൽ) സംബന്ധിച്ച സങ്കീർണ്ണതകളും സുരക്ഷാ ന്യൂനതക്ക് പിന്നിലെ നാനാതരം കാരണങ്ങളും എല്ലാ കക്ഷികളും അംഗീകരിക്കേണ്ടതുണ്ട്. ഇത് എല്ലാ മത്സ്യബന്ധന പ്രവൃത്തികൾക്കും ബാധകമാണ്....[SSF മാർഗ്ഗനിർദ്ദേശങ്ങൾ 6.16]***

സമുദ്ര മത്സ്യബന്ധനം ലോകത്തെ ഏറ്റവും അപകടകരമായ ജോലികളിൽ ഒന്നാണ്. ഓരോ വർഷവും ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ 32,000-ൽ കൂടുതൽ മീൻപിടുത്തക്കാർ മരിക്കുന്നതായി FAO കണക്കാക്കുന്നു. ഉചിതവും സുരക്ഷിതവുമായ തൊഴിൽ വ്യവസ്ഥകൾക്കും സുരക്ഷാ പരിശീലനത്തിനും സമുദ്ര മത്സ്യബന്ധനത്തിലെ അപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിയും.

കേരളത്തിൽ, ഈ നൂറ്റാണ്ടിന്റെ തുടക്കത്തിന് ശേഷം, പ്രത്യേകിച്ച് 2004-ലെ സുനാമി ദുരന്തം കഴിഞ്ഞ്, മീൻപിടുത്തം നടത്താൻ പോയിവരുന്ന യാനങ്ങൾക്ക് കടലിൽ വച്ച് നേരിടുന്ന അനിശ്ചിതാവസ്ഥയും അപകടസാധ്യതയും സംബന്ധിച്ച പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന ചെറുകിട മത്സ്യബന്ധന തൊഴിലാളികൾക്ക്, ഒരു പുതിയ അർത്ഥം ഉണ്ടായിട്ടുണ്ട്.[1]

മത്സ്യബന്ധനത്തിലെ വർദ്ധിച്ചു വരുന്ന അപകടസാധ്യതയുടെ ഒരു പ്രധാനപ്പെട്ടതും എന്നാൽ ഏറെ അറിയപ്പെടാത്തതുമായ ഘടകങ്ങളിൽ ഒന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന തീരശോഷണവും, കടൽഭിത്തികൾ ഉപയോഗിച്ചുള്ള അതിന്റെ സംരക്ഷണവും, തൽഫലമായി തീരക്കടലിലെ തിരമാലയുടെയും ഓളങ്ങളുടെയും സ്വഭാവവിശേഷങ്ങൾ തിരിച്ചറിയാൻ മീൻപിടുത്തക്കാർക്ക് കഴിയാതെ പോകുന്നതുമാണ്. മറ്റൊരു ഘടകം സംശയമില്ലാതെ പറയാനാകും, പര്യാപ്തമായ നിയന്ത്രണ നടപടികൾ ഇല്ലാതെ മത്സ്യബന്ധന ഉരുവിന്റെ (വള്ളത്തിൽ) ഡിസൈനിൽ വരുത്തിയ സാങ്കേതിക മാറ്റവും, കൂടാതെ അവയിൽ അമിതമായ യാന്ത്രിക ശക്തിയുടെ വർദ്ധിത ഉപയോഗവുമാണ്.

അപകടസാധ്യത വർദ്ധിപ്പിക്കുന്ന മറ്റൊരു ഘടകം മത്സ്യബന്ധന ഉരുക്കളുടെ ഘടനയിൽ നിർദ്ദിഷ്ട സുരക്ഷാ നിയന്ത്രണ നടപടികൾ പാലിക്കാതെ വരുത്തിയ അശാസ്ത്രീയ മാറ്റമാണ്. ഉരുവിന്റെ ഘടനാപരമായ മാറ്റം അവയെ പ്രകൃതി ദുരന്തങ്ങൾക്കും അപകടങ്ങൾക്കും കൂടുതൽ വശംവദമാക്കുന്നു. ശരിയായ മാനദണ്ഡങ്ങളില്ലാതെ അനേകം ചെറുകിട ബോട്ട് യാർഡുകൾ ചെറുകിട മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്നത് ഈ പ്രശ്നത്തിന്റെ ഗൌരവം കൂട്ടുന്നു. കൂടുതൽ മത്സ്യം ഏറെ ദൂരത്തിലും ആഴത്തിലും നിന്ന് പിടിച്ചെടുക്കുകയെന്ന ഉദ്ദേശത്തോടെ ഉരുവിനെ മുന്നോട്ട് ചലിപ്പിക്കുന്ന സംവിധാനത്തിലും അതിന്റെ ശേഷിയിലും മാറ്റങ്ങൾ വരുത്തുന്നത് സർവസാധാരണം ആയിട്ടുണ്ട്.

അപകടസാധ്യത കുറയ്ക്കാനുള്ള പ്രധാന തന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ പ്രശ്നത്തിന്റെ കാഠിന്യം കുറയ്ക്കലും (mitigation) കാലാനുസൃത മാറ്റങ്ങൾ വരുത്തലും (adaptation) തുല്യ പ്രാധാന്യത്തോടെ കണക്കിലെടുക്കേണ്ടതാണ്. കടൽ മീൻപിടുത്തത്തിലെ അപകട സാധ്യതകളെ കുറിച്ച് നയരൂപീകരണം നടത്തുന്നവർക്ക് അറിവുണ്ടെങ്കിലും, അടുത്ത കാലം വരെയും ഈ ആശങ്കകൾ നയങ്ങളായി മാറ്റുന്നതിന് അവർക്ക് കഴിഞ്ഞിരുന്നില്ല. ദുരന്തം നേരിടാനുള്ള തയ്യാറെടുപ്പിലും കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധ പതിപ്പിക്കാൻ, 2004-ലെ സുനാമി അനുഭവ പാഠമെന്ന

[1] The first assessment of uncertainty related to fishing trips in Kerala was undertaken in 1980-81 (Kurien J and Willmann R, 1982)

നിലയിൽ, പ്രത്യേകിച്ച് കടലിലേക്ക് മീൻപിടുത്തത്തിന് പോകുമ്പോൾ ശരിയായ സുരക്ഷാ ഉപകരണങ്ങൾ, ദിശ അറിയാനും ആശയവിനിമയത്തിനുമുള്ള ഉപാധികൾ എന്നിവ കൊണ്ടു പോകണമെന്ന താൽപ്പര്യം കൂട്ടുന്നതിന് ഉപകരിച്ചു. ഇത് കാഠിന്യം കുറയ്ക്കാനും കാലാനുസൃത മാറ്റങ്ങൾ വരുത്താനുമുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാൻ ഉപകരിച്ചു. തീര മേഖലാ പരിപാലനത്തിന് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പ്രാധാന്യം ലഭിച്ചു. സി.ആർ.ഇസഡ് നിയന്ത്രണങ്ങൾ കൂടുതൽ ഗൗരവത്തോട കണക്കിലെടുക്കാൻ തുടങ്ങി. കണ്ടൽ സസ്യങ്ങളുടെ സംരക്ഷണത്തിനും പ്രാധാന്യം ലഭിച്ചു.

അപകടങ്ങളിൽ നിന്നുണ്ടാകുന്ന നഷ്ടം നേരിടുന്നതിന് ഈ മേഖലയിൽ ഇൻഷുറൻസിന് കൂടുതൽ മുൻഗണന ലഭിച്ചെന്നത് മറ്റൊരു ഗുണപരമായ കാര്യമാണ്. പുതിയ ഇൻഷുറൻസ് പരിരക്ഷാ സ്കീമുകളും ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്.

## കടൽ സുരക്ഷാ നടപടികൾ, അപകട സാധ്യതകൾ, സാമൂഹ്യ സംരക്ഷണം

കടലിലെ സുരക്ഷ ഇന്ന് മീൻപിടുത്തക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇവരുമായുള്ള അനൌപചാരിക ചർച്ചകളിൽ, കടലിലെ സുരക്ഷിതത്വം കുറയുന്നതായും കടലിൽ സംഭവിക്കുന്ന മാറ്റങ്ങൾ മുൻകാലത്തെന്ന പോലെ പ്രവചിക്കാൻ കഴിയുന്നില്ലെന്നും ഇവർ സൂചിപ്പിക്കുന്നു (Suresh et al, 2018).

ഓഖി ചുഴലിക്കൊടുങ്കാറ്റ് വിദഗ്ദ്ധരായ മീൻപിടുത്തക്കാർക്ക് പോലും ഒരു പേടി സ്വപ്നമാണ്. അവരുടെ നീണ്ട തൊഴിൽ-ജീവിത കാലയളവിൽ ഇങ്ങനെയൊരു അനുഭവം അവർക്ക് കേട്ടുകേൾവി പോലും ഇല്ലാത്തതാണ്.

2000-ൽ നടത്തിയ പഠനത്തിൽ, ഒരു ദശാബ്ദക്കാലത്തെ കടലിൽ വച്ച് സംഭവിച്ച മരണങ്ങളും, നൽകപ്പെട്ട ഇൻഷുറൻസ് നഷ്ടപരിഹാരങ്ങളും പരിശോധിച്ചപ്പോൾ, ഓരോ 4 ദിവസവും ഒരു മത്സ്യത്തൊഴിലാളി കേരളത്തിൽ മരിക്കുന്നതായി കാണപ്പെട്ടു. എന്നാൽ 2015 മുതൽ 2021 വരെ ഫിഷറീസ് വകുപ്പ് നൽകിയെ കടലിലെ മരണങ്ങളുടെ കണക്കനുസരിച്ച് ഇത് ഓരോ 6 ദിവസവും ഒരു മരണം ആയി കുറഞ്ഞിട്ടുണ്ട്. എങ്കിലും കടലിലെ മീൻപിടുത്തം ഇന്നും കേരളത്തിലെ ഏറ്റവും അപകടകരമായ ഒരു തൊഴിലായി അവശേഷിക്കുന്നു.[2] എന്നിരുന്നാലും മരണനിരക്കിലെ ഈ നേരിയ കുറവിന് കാരണം, കടലിൽ അപകടത്തിൽ പെടുന്നവരെ രക്ഷിക്കാൻ ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടികൾ, മെച്ചപ്പെട്ട കാലാവസ്ഥാ മുന്നറിയിപ്പുകൾ, മീൻപിടുത്തക്കാരുടെ വർദ്ധിച്ച ജാഗ്രത എന്നിവയാണെന്നും പറയുന്നതിൽ തെറ്റില്ല. മീൻപിടുത്തം നിരവധി റിസ്കുകൾ ഉള്ള ഒരു തൊഴിലാണ്, മീൻപിടുത്തക്കാർക്കിടയിൽ കടലിലെ അവസ്ഥകൾ, ഒഴുക്ക്, കാറ്റിന്റെ ഗതിയും ശക്തിയും, തിരമാലകളുടെയും ഓളങ്ങളുടെയും രീതികൾ എന്നിവ നിരന്തരമായ ചർച്ചകൾക്ക് വിധേയമാകാറുണ്ട്, അതിനനുസരിച്ചാണ് അവർ സ്വന്തം സുരക്ഷക്കായുള്ള തീരുമാനങ്ങളും ഓരോ സാഹചര്യങ്ങളിലും എടുക്കുന്നത്.

കാലാവസ്ഥയിലെ മാറ്റങ്ങളെ കുറിച്ചുള്ള ധാരണകൾ കൂടാതെ ഓരോ സമയത്തെയും മത്സ്യ ലഭ്യത, മത്സ്യ വില, വരുമാനത്തിന്റെ ആവശ്യകത തുടങ്ങിയ ഘടകങ്ങളും മീൻപിടുത്തത്തിനായി കടലിലേക്ക് പോകണമോ വേണ്ടയോ എന്ന തീരുമാനത്തെ സ്വാധീനിക്കാറുണ്ട്. ഇതോടൊപ്പം, തിരുവനന്തപുരം ജില്ലയിൽ പ്രത്യേകിച്ച്, പണ്ട് ഉപയോഗിച്ചിരുന്ന കട്ടമരങ്ങളിൽ തൊഴിൽ ചെയ്ത് സിദ്ധിച്ച പല വൈദഗ്ധ്യങ്ങളും, പുതിയ ഉരുക്കളിലുണ്ടായ മാറ്റങ്ങളുടെ ഫലമായുള്ള വർദ്ധിത അപകട സാധ്യതകൾ കണക്കിലെടുക്കാതിരിക്കാൻ ഇടയാക്കാറുണ്ട്.[3] ആയതിനാൽ ആധുനിക കാലാവസ്ഥാ

[2] One may also need to factor in the disproportionate deaths as a result of Cyclone Ockhi in 2017

[3] The kattumaram was an unsinkable, non-motorised raft. Its replacement has been the plywood/FRP boat (vallam) which is a canoe and more prone to entrapping the fishers in its great likelihood of capsizing in rough weather waves.

പ്രവചനങ്ങളിൽ വിശ്വസിക്കണമോ എന്നതും കടലിൽ പോകുന്നതിൽ അധികാരികൾ ഏർപ്പെടുത്തുന്ന വിലക്കുകൾ പാലിക്കണമോ എന്നതും മീൻപിടുത്തക്കാർക്കിടയിൽ എപ്പോഴും തർക്ക വിഷയങ്ങളായി മാറുകയാണ്.

മീൻപിടുത്ത ഉരുക്കളിൽ അടിസ്ഥാന സുരക്ഷാ ഉപകരണങ്ങൾ ഘടിപ്പിക്കണമെന്നും തിരിച്ചറിയാൻ ഉപകരിക്കുന്ന നിർദ്ദിഷ്ട നിറങ്ങൾ പൂശണമെന്നും നിർദ്ദേശിക്കുന്ന ഉത്തരവുകൾ ഫിഷറീസ് വകുപ്പ് ഇറക്കിയിട്ടുണ്ട്. (12/11/2020 se G.O.(P)No. 3/2020/F&P; 06/01/2021 se G.O.(P)No. 01/2021/F&PD). എന്നിരുന്നാലും, ഇത് എത്രമാത്രം പാലിക്കപ്പെടുന്നതായി പരിശോധനാ വിധേയമായിട്ടില്ല.

കടലിലെ അപകടങ്ങളുടെ കാര്യത്തിൽ അടുത്ത കാലത്തായി ശ്രദ്ധയിൽ പെടുന്നതും വർദ്ധിച്ചു വരുന്നതുമായ ഒരു വ്യത്യാസം അപകടങ്ങൾ ഏറെയും കരയോട് അടുത്തായി സംഭവിക്കുന്നു എന്നതാണ്. കടലിലേക്ക് പോകുമ്പോൾ അല്ലെങ്കിൽ തിരിച്ചണയുമ്പോൾ അപകടങ്ങളിൽ പെട്ട് മരണമടയുന്നത് കൂടിവരുന്നു. തീരത്തും തീരക്കടലിലും ഏറിവരുന്ന നിർമ്മിതികൾ (കടൽഭിത്തികൾ, ഹാർബറിനായുള്ള പുലിമുട്ടുകൾ മുതലായവ) കാരണം തിരകളിലും ഒഴുക്കിലും ഉണ്ടാകുന്ന അസ്വാഭാവികവും അപ്രതീക്ഷിതവുമായ മാറ്റങ്ങൾ അപകടങ്ങളുടെ സാധ്യത കൂട്ടുന്നതായി മീൻപിടുത്തക്കാരുമായുള്ള ചർച്ചയിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതു കാരണം യാനങ്ങളെ നിയന്ത്രിക്കാൻ കഴിയാതെ വരുകയും മറിയുകയും അതിലകപ്പെട്ട് മരണപ്പെടുകയും ചെയ്യാറുണ്ട്.[4] ഇതോടൊപ്പം ചെറുകിട ഉരുക്കൾ രൂപകൽപ്പന ചെയ്യുമ്പോഴും നിർമ്മിക്കുമ്പോഴും സുരക്ഷക്കായുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അവഗണിക്കപ്പെടുന്നതും അവർ ശ്രദ്ധയിൽ പെടുത്തി.[5]

## 60 വയസ് കഴിഞ്ഞുള്ള അപകടസാധ്യതകൾ

60 വയസ് കഴിഞ്ഞ് മീൻപിടുത്തം തുടർന്ന് നടത്തുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത ഇന്നത്തെ സ്ഥിതിയിൽ പലരും ഉൽക്കണ്ഠ അറിയിച്ചു. ഇവരിൽ പലർക്കും തൊഴിലിൽ തുടരാനുള്ള ആരോഗ്യം ഉണ്ടെന്ന് മാത്രമല്ല, അവരുടെ വൈദഗ്ദ്ധ്യവും പരിചയ സമ്പത്തും പ്രയോജനപ്പെടുത്താൻ മറ്റുള്ളവരും ആഗ്രഹിക്കുന്നു. ഇവർ മരണപ്പെട്ടാൽ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത ഈ അപാകത തിരുത്തണമെന്ന് ഏവരും ആവശ്യപ്പെടുന്നു. ഇതിനുള്ള പരിഹാരമായി പ്രായപരിധി 65 വയസ് ആയി ഉയർത്തുകയോ, അത്തരക്കാർക്ക് കടലിൽ അപകട മരണം സംഭവിച്ചാൽ മാത്രം പരിരക്ഷ നൽകുകയോ ചെയ്യണമെന്നും ഈ വിധത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിൽ മാറ്റം വരുത്തണമെന്നും ആവശ്യമുയർന്നു.[6]

## കാലാവസ്ഥാ മുന്നറിയിപ്പുകൾ

കുറച്ച് വർഷങ്ങളായി സർക്കാരിന്റെ നിരവധി ഏജൻസികൾ മീൻപിടുത്തക്കാർക്ക് അവർ കടലിൽ ആയിരിക്കുമ്പോൾ കാലാവസ്ഥാ മുന്നറിയിപ്പുകൾ നേരിട്ട് ലഭിക്കാൻ ഉതകുന്നതും യാനങ്ങളിൽ ഉപയോഗിക്കാവുന്നതുമായ ചില ഉപകരണങ്ങൾ

---

[4] Discussions with fishers from Anjengo reveal that most of these near shore deaths are happening in the early morning when fishers venture out to sea. As many as 11 fishers died in this manner since 2016. The adverse effect of the Mothalapozhi harbor, which was constructed as a result of their demands, have come to haunt them they say.

[5] 2010 Safety Recommendations for Decked Fishing Vessels of Less than 12 Meters in Length and Undecked Fishing Vessels. https://www.ilo.org/wcmsp5/groups/public/---ed_dialogue/---sector/documents/publication/wcms_216664.pdf

[6] The Group Insurance Scheme for Fishermen covers them up to 65. In Tamil Nadu, the coverage is also till 65.

വികസിപ്പിക്കുകയുണ്ടായി. ഇവയുടെ മേന്മയേക്കാൾ ഉപരി, അതിന്റെ വിലയും പ്രവർത്തനക്ഷമതയുമാണ് പ്രധാന കാര്യം.
(See Appendix A: Details of Communication Devices (Individual and Public)

മീൻപിടുത്തക്കാർക്ക് നിരവധി സുരക്ഷാ ഉപകരണങ്ങൾ അധികൃതർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 40,000 ലൈഫ് ജാക്കറ്റുകൾ, 1132 ലൈഫ്-ബോയകൾ, 941 നാവിക് ഫോണുകൾ, 198 സാറ്റലൈറ്റ് ഫോണുകൾ എന്നിവ ഉൾപ്പെടുന്നു. ഇവയുടെ സാങ്കേതിക മികവിനേക്കാൾ പ്രധാനം, അന്തിമമായി, ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ, മീൻപിടുത്തക്കാർക്ക് കരയുമായി തങ്ങളുടെ അപകടാവസ്ഥ അറിയിക്കാനും അത് ലഭിച്ചാലുടനെ, കരയിൽ നിന്നും രക്ഷിക്കലിനുള്ള ശ്രമങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കാനും കഴിയുമെങ്കിൽ മാത്രമേ മീൻപിടുത്തക്കാർക്ക് ഇവയിൽ വിശ്വാസം ഉണ്ടാക്കിയെടുക്കാൻ കഴിയൂ. അന്തിമമായി ഇത്തരം ഫലം ഉണ്ടായാൽ മാത്രമായിരിക്കും ഇതിനായി മുടക്കുന്ന പണത്തിന് മൂല്യമുണ്ടാകുന്നത്. കടലിൽ നിന്നും കരയിലേക്കും തിരിച്ചും ആശയവിനിമയം നടത്താൻ കഴിയണമെന്നതാണ് ഏവരും ആഗ്രഹിക്കുന്ന സാങ്കേതിവിദ്യ.

കാലാവസ്ഥ നിരീക്ഷണവും, ഫലപ്രദമായ ആശയവിനിമയവും, അന്തിമമായി വിവരങ്ങൾ എത്രയും വേഗം മീൻപിടുത്തക്കാരുടെ ഗ്രാമങ്ങളിലും, കടലിൽ തൊഴിൽ ചെയ്യുന്നവരിലും എത്തിക്കലും ഏകോപിപ്പിക്കുന്ന ഒരു ഫലപ്രദമായ സംവിധാനം ഏറ്റവും പ്രധാനമായ ഒരു ആവശ്യകതയാണ്. വിവരങ്ങൾ ഗ്രാമങ്ങൾ തമ്മിൽ പങ്കുവയ്ക്കുന്നതും പ്രധാനമാണ്. ഇതിനായി ചില നടപടിക്രമങ്ങൾ ഉണ്ടാകണം.

കടൽ സുരക്ഷയുടെയും ദുരന്ത നിവാരണ നടപടികളുടെയും പദ്ധതി-പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ പ്രാദേശിക മീൻപിടുത്ത സമൂഹത്തിന്റെ പങ്കാളിത്തം ഉണ്ടാകണം. ഇതിലൂടെ മാത്രമേ പരമ്പരാഗത അതിവേഗത്തിലുള്ള അറിയിപ്പ് സംവിധാനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയൂ (ഉദാ. പള്ളി/ക്ഷേത്ര ഉച്ചഭാഷിണികൾ, മണി മുഴക്കൽ മുതലായവ). കടലിലെ മീൻപിടുത്ത ഇടങ്ങളെ കുറിച്ച് കൂടുതൽ അറിവുള്ളവരുടെ രക്ഷാ ദൌത്യങ്ങളിലെ പങ്കാളിത്തവും പ്രധാനമാണ്. ഇവരെ കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നതും, വേണ്ട സമയത്ത് അവരെ വേഗത്തിൽ ബന്ധപ്പെടാൻ കഴിയുന്നതും, അവരുടെ സേവനങ്ങൾക്ക് ഔദ്യോഗികമായും അല്ലാതെയും അംഗീകാരം നൽകുന്നതും ഏറെ ഗുണം ചെയ്യും.

പ്രാദേശിക തലങ്ങളിലെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളും പ്രധാനമാണ്, ഒഡിഷയിലും ഗുജറാത്തിലും ചുഴലിക്കൊടുങ്കാറ്റ് വേളകളിൽ ഇവ വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടു. ഇതിനായി തീരദേശ സമൂഹത്തിലെ യുവജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം, മാത്രമല്ല ഈ റേഡിയോ സ്റ്റേഷനുകൾ വഴി വിനോദ പരിപാടികളും സംപ്രേഷണം ചെയ്യുന്നത് നല്ലതായിരിക്കും.

മറ്റൊരു നിർദ്ദേശം ഉണ്ടായത് കേരളത്തിൽ നിലവിലുള്ള 20 ലൈറ്റ് ഹൌസുകൾ മീൻപിടുത്തക്കാരുടെ കടലിലെ സുരക്ഷക്കായി കൂടുതൽ പ്രയോജനപ്പെടുത്തണം എന്നതാണ്. ഇവ എല്ലായ്പോഴും മീൻപിടുത്തക്കാർക്ക് ദിക്ക് അറിയാനും മറ്റും ഏറെ ഉപകരിക്കുന്നുണ്ട്. ഇതനൊപ്പം മോശമായ കാലാവസ്ഥ സംബന്ധിച്ച സൂചനകൾ നൽകുന്നതിന് ഇവയെ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടതാണ്. (See Appendix B On the Network of Light houses in Kerala)

## <u>കടലിലെ നിരീക്ഷണത്തിലും ആശയവിനിമയത്തിലും ജന പങ്കാളിത്തം</u>

കാലാവസ്ഥ, കടൽ സുരക്ഷ, കടലിലെ രക്ഷാ ശ്രമങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളുടെ ആശയമവിനിമയത്തിൽ തീരദേശ സമൂഹത്തിന്റെ, പ്രത്യേകിച്ച് യുവജനങ്ങളുടെ പങ്കാളിത്തം, കടലിലും കരയിലും ജീവൻ രക്ഷിക്കുന്ന ശ്രമങ്ങൾക്ക്

ഏറെ പ്രയോജനപ്പെടും. ഇതിനായി സാമൂഹ്യ-മത സംഘടനകളുടെ ചില സംരംഭങ്ങൾ പ്രയോജനപ്പെട്ട അനുഭവങ്ങളുണ്ട് (രക്ഷാ കേന്ദ്രം). നിലവിലുള്ള മത്സ്യഭവനുകൾക്ക് ഇതിന് മുൻകൈ എടുക്കാനാകുമോ എന്നും സാഗർ മിത്രകൾക്ക് ഇവയിലൂടെ പ്രവർത്തിക്കാനാകുമോ എന്നും പരിശോധിക്കേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനത്തിന് കൂടുതൽ പ്രാധാന്യം കൈവന്നിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ചില പ്രധാന ജില്ലകളിലെങ്കിലും വർഷം മുഴുവൻ എല്ലാ ദിവസങ്ങളിലും 24 മണിക്കൂറും തുറന്നിരിക്കുന്ന രക്ഷാ കേന്ദ്രങ്ങളും രക്ഷാ സമിതികളും ഫിഷറീസ് വകുപ്പുമായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാൻ വികസിപ്പിക്കുന്നത് നന്നായിരിക്കും. (See below: Sea Rescue)

ഇത്തരം സാമൂഹ്യ രക്ഷാ കേന്ദ്രങ്ങളിൽ വലിയ ഡിജിറ്റൽ സ്ക്രീനുകൾ നൽകേണ്ടതാണ്, ഇവയിലൂടെ കാലാവസ്ഥാ വിവരങ്ങൾ മാത്രമല്ല, കാറ്റിന്റെ വേഗതയും ഗതിയും രേഖപ്പെടുത്തുന്ന സെൻസറുകളുടെ സഹായത്തോടെ മറ്റ് വിവരങ്ങളും നൽകാൻ കഴിയും. കടലിലെ കാറ്റിന്റെ ശക്തിയും വേഗതയും മത്സ്യത്തൊഴിലാളികൾക്ക് വളരെ പ്രധാനമാണ്, കാരണം ഇതാണ് തീരത്തും ഉൾക്കടലിലും തിരകളുടെ (ഓളങ്ങളുടെ) അവസ്ഥ എന്തെന്ന് നിർണ്ണയിക്കുന്നത്. മീൻപിടുത്തക്കാരുടെ കൈവശമുള്ള ഉപകരണങ്ങളിൽ നിന്നുള്ള വിവരങ്ങൾ യഥാർത്ഥ സമയങ്ങളിൽ ഈ കേന്ദ്രങ്ങളിലേക്ക് കൈമാറാൻ കഴിയുന്ന സംവിധാനം കൂടി ഉണ്ടാകുന്നത് കൂടുതൽ വസ്തുനിഷ്ടമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് മാത്രമല്ല പരസ്പര വിശ്വാസവും മെച്ചപ്പെടുത്തും. ഇക്കാലത്ത് മീൻപിടുത്ത സമൂഹത്തിലെ യുവാക്കളുടെ ഇടയിൽ സാമൂഹ്യ മാധ്യമങ്ങളുടെ (വാട്ട്സ് ആപ്, ഫേസ്ബുക്ക് മുതലായവ) ഉപയോഗം വ്യാപകമായി ഉള്ളതിനാൽ അവയും കടലോരത്തെ പ്രശ്നങ്ങൾക്കൊപ്പം കടൽ സുരക്ഷ സംബന്ധിച്ച ആവശ്യങ്ങൾ ചർച്ച ചെയ്യാനും നിർദ്ദേശങ്ങൾ നൽകാനും പ്രയോജനപ്പെടുത്താനാകും, ഇതിന് ഫിഷറീസ് വകുപ്പിന്റെ പ്രോത്സാഹനം കൂടി ലഭിക്കുന്നത് നന്നായിരിക്കും.[7]

## കടൽ രക്ഷാദൗത്യം

കടലിലെ രക്ഷാ ദൌത്യങ്ങൾക്കായുള്ള സംവിധാനങ്ങളുടെ കാര്യത്തിലും ഗൌരവമായ ഇടപെടൽ ആവശ്യമുണ്ട്. ഇതുവരെയും നടത്തിപ്പോരുന്ന കേന്ദ്രീകൃതവും വൻകിട രീതിയിലുമുള്ള (പോർട്ടുകളിൽ നിന്നും വലിയ രക്ഷാ കപ്പലുകൾ) സമീപനത്തിന് പകരം വികേന്ദ്രീകൃതമായ ആധുനിക ചെറുകിട സാങ്കേതിക വിദ്യകളുടെ (ഡ്രോണുകൾ, റിമോട്ട് കൺട്രോളിൽ പ്രവർത്തിക്കുന്ന മുങ്ങിപ്പോകാത്ത ഉപകരണങ്ങൾ) പ്രയോഗത്തിനാണ് മുൻഗണന നൽകേണ്ടത്. മീൻപിടുത്തക്കാർ പലപ്പോഴും പരാതിപ്പെടുന്നത് രക്ഷാ ശ്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസമാണ്. പ്രതികരണ സമയത്തിലെ വൈകൽ പലപ്പോഴും ജീവനുകൾ നഷ്ടപ്പെടുത്തുന്നതിന് കാരണമാകാറുണ്ട്.

കേരളത്തിൽ മൂന്ന് മറൈൻ ആംബുലൻസുകൾ – നമ്മുടെ രാജ്യത്ത് ഇവിടെ മാത്രമാണുള്ളത് – 1800 ലക്ഷം രൂപാ ചെലവിട്ട് ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ഫലക്ഷമത ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. ഇവയുടെ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും 250 ലക്ഷം രൂപ വേണ്ടിവരും, അതായത് ഒരു ദിവസം 22,000 രൂപാ. ഈയിടെ ഒരു അപകടമുണ്ടായപ്പോൾ ആംബുലൻസ് എത്തിച്ചേരാനുണ്ടായ കാലതാമസം മീൻപിടുത്തക്കാരുടെ വലിയ പ്രതിഷേധത്തിന് ഇടയാക്കി. രക്ഷാ ദൌത്യം തുടങ്ങാൻ പാലിക്കേണ്ടി വരുന്ന നടപടിക്രമങ്ങളും, കടൽ ക്ഷോഭമുള്ളപ്പോൾ ഇവ പ്രവർത്തിപ്പിക്കാനുള്ള ജീവനക്കാരുടെ കാര്യശേഷിയും, അപകട സമയത്ത് മീൻപിടുത്തക്കാരുടെ രോഷത്തോടെയുള്ള പെരുമാറ്റങ്ങളും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയെന്നും പറയപ്പെടുന്നു.

[7] For a good example see Facebook Watch: Ente Kadalarivukal: My Sea Knowledge

**പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം**

ആഗോളതലത്തിൽ കടലിലെ രക്ഷാ ശ്രമങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്, ഇവയിൽ റിമോട്ട്-നിയന്ത്രിത ബോയകൾ, താഴ്ന്നു പറക്കുന്ന ഡ്രോണുകൾ (മനുഷ്യൻ ഇല്ലാത്ത യു.എ.വി unmanned aerial vehicle – UAV) എന്നിവ ഉൾപ്പെടുന്നു. ഇതിലൂടെ അപകടത്തിൽ പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകാനും കഴിയും. (www.sosmarine.com).




Figure 10: Rescue Pods

<u>സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക</u>

കടൽ സുരക്ഷാ നടപടികളിൽ മീൻപിടുത്ത സമൂഹത്തിലുള്ളവരുടെ പങ്കാളിത്തം ഔപചാരികമായി അംഗീകരിക്കേണ്ടതുണ്ട്. ഓഖി ചുഴലിക്കാറ്റിന് ശേഷം ഫിഷറീസ് വകുപ്പ് മീൻപിടുത്ത സമൂഹത്തിൽ നിന്നും യുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയത് നല്ല സമീപനം ആയിരുന്നു. വിഖ്യാത കേന്ദ്രങ്ങളിൽ അവർക്ക് പരിശീലനം നൽകിയെങ്കിലും മടങ്ങിയെത്തിയപ്പോൾ വെറും സഹായികൾ എന്ന നിലയിൽ ദിവസ വേതനത്തിന് അവരെ നിയമിച്ചത് പ്രതിഷേധത്തിന് ഇടയാക്കി.

കടലിലെ രക്ഷാ പ്രവർത്തനത്തിന് പ്രാദേശികമായി കഴിവും താൽപ്പര്യവും ഉള്ളവരെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും വേണം, മാത്രമല്ല അവർക്ക് മതിയായ സാമ്പത്തിക സഹായവും നൽകണം.[8] രക്ഷാ കേന്ദ്രത്തിന്റെ ഭാഗമായി, 'കടൽ സുരക്ഷാ സേന' ('കടൽ രക്ഷാ സമിതി)[9] രൂപീകരിക്കുന്നത് പ്രാദേശിക സ്ഥാപനങ്ങളുടെ (പള്ളി, ക്ഷേത്രം കമ്മിറ്റികൾ) സഹകരണത്തോടെയും പഞ്ചായത്ത്, കോസ്റ്റൽ പൊലീസ്, മത്സ്യഭവനുകൾ എന്നിവയുടെ പങ്കാളിത്തത്തോടെയും ആയിരിക്കണം. ഇതിലാണ് പരിശീലനം സിദ്ധിച്ച യുവാക്കളെ നിയോഗിക്കേണ്ടത്. ഇവയെ ഉന്നത രക്ഷാ സംവിധാനങ്ങളുമായി (കോസ്റ്റ് ഗാർഡ്, നേവി, ലൈറ്റ് ഹൌസ് മുതലായവ) ഏകോപിപ്പിക്കുന്നതും വേഗത്തിൽ ഇടപെടൽ നടത്താൻ ഉപകരിക്കും.

<u>കടൽ രക്ഷാദൗത്യ ടാസ്ക് ഫോഴ്സ്</u>

മത്സ്യമേഖലയിലെ കേന്ദ്ര ഏജൻസികളായ CIFT, CIFNET മുൻകൈ എടുത്ത് നേവൽ രക്ഷാ വിദഗ്ദ്ധർ, UAV, ICT സാങ്കേതികവിദഗ്ദ്ധർ, മീൻപിടുത്തക്കാരുടെ പ്രതിനിധികൾ

---

[8] It may be worthy of recall that the marine fishers in large numbers took autonomous action to rescue people in inland districts during the 2018 floods. They <u>self-organized</u> in time of need and were only <u>facilitated</u> by the government (lorries to transport boats; fuel to use the boats, official support at the place of rescue and such like). Once the task was done, costs for repair to their damaged craft and official recognition for their actions was all that was undertaken. The fishers graciously refused to take any monetary compensation.

[9] The original objective of the Matsya Bhavans and the Matsya Sabhas included action in times of emergencies

എന്നിവരെ വിളിച്ചുകൂട്ടി ഒരു സംസ്ഥാന തല ടാസ്ക ഫോഴ്സിന് രൂപം നൽകണം. നിരവധി റൌണ്ട് ചർച്ചകളിലൂടെ പ്രായോഗി രക്ഷാ പ്രവർത്തനങ്ങൾ എങ്ങനെ ആയിരിക്കണമെന്നും പുത്തൻ സാങ്കേതിക വിദ്യകളിൽ ഏതെല്ലാം നമുക്ക് ഉപയോഗിക്കാൻ കഴിയുമെന്നും ഈ ടാസ്ക് ഫോഴ്സിന് രൂപരേഖ തയ്യാറാക്കാൻ കഴിയും. നിലവിലുള്ള മീൻപിടുത്ത ഉരുക്കളെ ഉപയോഗപ്പെടുത്തി എങ്ങനെ രക്ഷാ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നും ഇവർ ആലോചിക്കണം. മാറിക്കൊണ്ടിരിക്കുന്ന ആധുനിക സാങ്കേതിക വിദ്യകൾ കാലാനുസൃതമായി ഉപയോഗപ്പെടുത്താൻ ഈ സമിതിക്ക് കഴയണം.[10] ഇതിനായി വേണ്ടി വരുന്ന പണച്ചെലവ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന വൻതുകകൾ ചെലവഴിക്കുന്നതിനേക്കാൾ കുറവായിരിക്കും. തീരദേശ സമൂഹത്തിന്റെ വിശ്വാസം നേടിയെടുക്കലും അവരുടെ പങ്കാളിത്തവും ഒപ്പം പുത്തൻ സാങ്കേതിക വിദ്യകളുടെ പ്രയോഗവും കൂടിച്ചേരുന്നത് കടൽ സുരക്ഷാ സമീപനത്തിൽ വലിയ മാറ്റമുണ്ടാക്കും.

## ബോട്ട് യാർഡുകൾ Boat Yards

രജിസ്ട്രേഷൻ നടത്തണമെങ്കിൽ മീൻപിടുത്ത ഉരുക്കളിൽ സുരക്ഷാ സാമഗ്രികൾ നിർബന്ധമാക്കണം. ബോട്ട് നിർമ്മാണ യാർഡുകൾ നടത്തണമെങ്കിൽ, ഉരുക്കളിൽ സുരക്ഷാ സാമഗ്രികൾ പിടിപ്പിക്കുന്നതും അവ സംഭരിക്കാനുള്ള അറകൾ നിർമ്മാണ വേളയിൽ ഉറപ്പുവരുത്തുന്നതും, നിർബന്ധിതമാക്കണം (ലൈഫ് ജാക്കറ്റുകൾ, ഫ്ലെയറുകൾ, വിസിലുകൾ, ഫസ്റ്റ് എയിഡ്, ശുദ്ധജലം സംഭരിക്കുന്ന ചെറിയ ജെറി കാനുകൾ മുതലായവ). ഇത്തരം സാമഗ്രികൾക്ക് സബ്സിഡിയും നൽകാവുന്നതാണ്. (Suresh et al, 2018)

## ഫിഷറീസ് മോണിറ്ററിംഗ്, കൺട്രോൾ, സർവെയിലൻസ് (FMCS) സ്റ്റേഷൻ

കടൽ സുരക്ഷ അടിയന്തര സാഹചര്യത്തിൽ മാത്രം ചിന്തിക്കേണ്ട ഒന്നല്ല. കടലിൽ നിരന്തരമായി നിരീക്ഷകരുടെ പട്രോളിംഗ് നടത്താനുള്ള സംവിധാനം ഉണ്ടാകണം. അവർ കടലിലെ കാലാവസ്ഥ മാത്രമല്ല നിരീക്ഷിക്കേണ്ടത്, മീൻപിടുത്ത ഉരുക്കളുടെ പ്രവർത്തനങ്ങളും നോക്കണം. സുരക്ഷക്കായി മെച്ചപ്പെട്ട സംവിധാനങ്ങളും മാർഗ്ഗങ്ങളും ഉണ്ടാകുന്നതിന് ഈ നിരീക്ഷണം സഹായിക്കും. അമിത വേഗത നിയന്ത്രണം, അമിത മത്സ്യബന്ധന നിയന്ത്രണം എന്നിവയും നിരീക്ഷിക്കപ്പെടണം. മീൻപിടുത്ത ഉരുക്കളുടെ തത്സമയ സഞ്ചാരങ്ങൾ, പ്രധാന മീൻപിടുത്ത ഇടങ്ങൾ എന്നിവ അറിയാൻ കഴിയുന്ന വിധത്തിൽ GIS ഉപയോഗിച്ചുള്ള ഫിഷറീസ് മോണിറ്ററിംഗ്, കൺട്രോൾ, നിരീക്ഷണ സ്റ്റേഷൻ (FMCS) സംസ്ഥാന തലത്തിൽ ഉണ്ടാകുന്നത് ഏറെ ഗുണം ചെയ്യും. ഇതിനെ നേരത്തെ സൂചിപ്പിച്ച ടാസ്ക് ഫോഴ്സുമായി ബന്ധിപ്പിക്കണം. ലൈഫ് ജാക്കറ്റുകൾ പോലെയുള്ള സുരക്ഷാ സാമഗ്രികൾ മീൻപിടുത്ത സമയത്ത് ധരിക്കുന്നത് തൊഴിലിന് തടസ്സമാണെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നുണ്ട്. ഈ പ്രശ്നം സാങ്കേതികമായി എങ്ങനെ പരിഹരിക്കാമെന്ന് ആലോചിക്കേണ്ടതാണ്.

## ഇൻഷുറൻസ്

വർദ്ധിച്ചുവരുന്ന അപകടങ്ങളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ് ഇൻഷുറൻസ് ഈ മേഖലയിൽ വേണമെന്ന ആവശ്യത്തിന് സാംഗത്യമുണ്ടാക്കുന്നത്.

---

[10] In January 2021 a young engineering student in Nattika, Trissur demonstrated how a drone can help in rescue of fishers. [https://www.hindustantimes.com/india-news/armed-with-drone-19-year-old-rescues-4-drowning-fishermen-off-kerala-coast/story-nvCNgclVlaxfuuG4Q4HuPP.html]

കാലാവസ്ഥയിലെ വ്യതിയാനങ്ങൾ അപകടസാധ്യതകളുടെ തോത് വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ഇതിന് കൂടുതൽ പ്രാധാന്യം കൈവന്നിരിക്കുന്നു.

മത്സ്യമേഖലയിലെ ഇൻഷുറൻസിനെ കുറിച്ച് ഗവേഷണം നടത്തുന്നവർ, ഈ മേഖലയിൽ മീൻപിടുത്ത ഉരുക്കളുടെ ഇടയിൽ പ്രത്യേകിച്ച് അടുത്ത കാലത്തായി വർദ്ധിച്ചു വരുന്ന കടുത്ത മത്സരം അപകടസാധ്യതകൾ കൂട്ടുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട് (See Shinoj et al, 2017).

ഉരുക്കൾക്കും ഉപകരണങ്ങൾക്കും പര്യാപ്തമായ ഇൻഷുറൻസ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രതികൂല കാലാവസ്ഥയിലും, അവയെ ഉപേക്ഷിച്ച് രക്ഷപ്പെടാൻ ശ്രമിക്കാതെ കടലിൽ നിലകൊള്ളാൻ അവരെ പ്രേരിപ്പിക്കുന്നു. കാരണം അവ അവരുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ്. കാലാവസ്ഥ അനുകൂലമാകുമെന്ന് പ്രതീക്ഷിച്ച് ഇങ്ങനെ കടലിൽ തുടരുന്നവർ, പലപ്പോഴും ജീവനുൾപ്പെടെ വലിയ വില നൽകേണ്ടി വരുന്നു. ഈ സാഹചര്യം, ഒരു ശരിയായ ഇൻഷുറൻസിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

കടലിലെ മീൻപിടുത്തത്തിൽ ഉൾപ്പെട്ടിരിക്കുന്ന അപകടസാധ്യതകൾ നിരവധി ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മീൻപിടുത്ത ഉരുക്കൾ, വല, മറ്റ് സാമഗ്രികൾ എന്നിവയുടെ നഷ്ടം അഥവാ കേടുപാടുകൾ, പിടിച്ചെടുത്ത വിലയേറിയ മത്സ്യം നഷ്ടമാകുന്നത്, കൂടാതെ ജീവന്റെ സുരക്ഷ എന്നിവയെല്ലാം ഇതിൽ പെടുന്നു. കടൽ മീൻപിടുത്തത്തിൽ അപകടസാധ്യത എപ്പോഴും ഉണ്ടെങ്കിലും, നിലവിലുള്ള വിലയേറിയ ഉരു-ഉപകരണങ്ങളുടെ സാമ്പത്തിക നഷ്ടം മുമ്പെന്നത്തേക്കാളും കൂടുതലാണ്. ഇതിന്റെ കൂടെ കാലാവസ്ഥാ ദുരന്തങ്ങൾ, ചെറുകിട-മീൻപിടുത്തക്കാരുടെയും ഉരു ഉടമകളുടെയും അവസ്ഥ കൂടുതൽ കഷ്ടത്തിലാക്കിയിട്ടുണ്ട് (വൾനറബിൾ).

ഈ സാഹചര്യം കൂടുതൽ അനുയോജ്യവും ചെലവ് കുറഞ്ഞതുമായ ഇൻഷുൻസ് പരിരക്ഷാ പ്ലാനുകളുടെ ആവശ്യകത പ്രകടമാക്കുന്നുണ്ട്. ഇവിടെയാണ് 'നല്ല സബ്സിഡികൾ' പ്രദാനം ചെയ്ത് ഗവണ്മെന്റുകൾ ഇടപെടൽ നടത്തേണ്ടത്. ഇത് ദുരന്തമുണ്ടായിക്കഴിയുമ്പോൾ കൂടുതൽ പണം ചെലവിടാൻ നിർബന്ധിതമാകുന്ന അവസ്ഥ കുറയ്ക്കാനും ഗവണ്മെന്റിനെ സഹായിക്കും. മീൻപിടുത്തത്തിൽ ഏർപ്പെടുന്ന മുഴുവൻ ആളുകൾക്കും പ്രയോജനകരമാകുന്ന ഇൻഷുറൻസ് പദ്ധതികളിലൂടെ അപകടസാധ്യതകളും കുറയ്ക്കാൻ കഴിയുമെന്ന് തിരിച്ചറിയേണ്ടതുണ്ട്.

ഇൻഷുറൻസ് കമ്പനികളെ സംബന്ധിച്ചിടത്തോളം, അവർക്ക് വലിയ ദോഷം ചെയ്യാത്ത (വ്യാജ ക്ലെയിമുകൾ തടയുന്ന), നന്നായി പ്രവർത്തിക്കുന്ന സംഘടനാ സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇവിടെയാണ് മത്സ്യഫെഡ് പോലെയുള്ള സഹകരണ സ്ഥാപനങ്ങളുടെ പങ്ക് പ്രസക്തമാകുന്നത്.

## <u>മീൻപിടുത്ത വസ്തുക്കളുടെ ഇൻഷുറൻസ്</u>

മത്സ്യബന്ധന ഉരു-ഉപകരണങ്ങളുടെ ഇൻഷുറൻസിന് മികച്ച ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനായി ഇൻഷുറൻസ് കമ്പനികളെ പ്രേരിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ മുൻകൈ എടുക്കേണ്ടതാണ്. ഇന്ന് മത്സ്യമേഖലയിൽ നിലവിലുള്ള ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ (സ്കീമുകൾ) ഉയർന്ന പ്രീമിയമാണ് ഈടാക്കുന്നതെന്ന് മീൻപിടുത്തക്കാർ പരാതിപ്പെടുന്നു. മാത്രമല്ല അവയുടെ പ്രവർത്തന രീതി ദുർഘടമാണെന്നും പറയപ്പെടുന്നു. മൊത്തത്തിലുള്ള നഷ്ടത്തിന് മാത്രം ഇൻഷുറൻസ് കമ്പനികൾ പരിരക്ഷ നൽകുന്നതും ഭാഗികമായ നഷ്ടങ്ങൾ കണക്കിലെടുക്കാത്തതും മറ്റൊരു പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പൂർണ്ണവും ഭാഗികവുമായ വ്യക്തിഗത അപകടങ്ങൾക്ക് (നഷ്ടങ്ങൾക്ക്) നൽകുന്നതു പോലെ മത്സ്യബന്ധന ഉരു-ഉപകരണങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കണം. വരുമാനത്തിലെ

ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത്, ഇൻഷുറൻസ് പ്രീമിയത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് മീൻപിടുത്തക്കാർക്ക് ഗുണകരമാകും. വായ്പാ-സമ്പാദ്യ പദ്ധതികളുമായി ഇൻഷുറൻസിനെ ബന്ധിപ്പിക്കുന്നതും പരിഗണിക്കേണ്ടതാണ്. (See Shinoj P et al, 2017)

വാർഷിക രജിസ്ട്രേഷൻ സമയത്ത് ഉരുവിന് ഇൻഷുറൻസും വേണമെന്ന വ്യവസ്ഥ കാലക്രമേണ, വലിയ യന്ത്ര ബോട്ടുകളിൽ ആരംഭിച്ച്, ചെറുകിട ഉരുക്കൾക്കും ഏർപ്പെടുത്തുന്നത് ഗവണ്മെന്റിന് ആലോചിക്കാവുന്നതാണ്. അത്തരം നടപടികൾക്ക് നല്ല സബ്സിഡികൾ പ്രോത്സാഹിപ്പിക്കാം. ഇതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

പങ്കാളിത്ത ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളും (മ്യൂച്ച്വൽ) സർക്കാരിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും മീൻപിടുത്തക്കാരുടെയും സഹകരണത്തോടെ നടപ്പാക്കുന്നതിനെ കുറിച്ച് ഇൻഷുറൻസ് കമ്പനികളുമായി ഗവണ്മെന്റ് ചർച്ച നടത്തണം. തെറ്റായ ക്ലെയിമുകൾ കുറയ്ക്കാനും ഇത്തരം സ്കീമുകൾ സഹായിക്കും.

ചെറുകിട മത്സ്യമേഖലക്ക് ഉപകരിക്കുന്ന ഇൻഷുറൻസിന്റെ ആവശ്യകതയും അതിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങളും മനസ്സിലാക്കാൻ ഒരു ഇൻഷുറൻസ് ഡിമാൻഡ് സർവേ നടത്തുന്നത് ഗുണകരമായേക്കും. ഇൻഷുറൻസ് പ്രീമിയം കുറയ്ക്കാനുള്ള മാർഗ്ഗങ്ങളും ഇതിലൂടെ കണ്ടെത്താനായേക്കും. ഈ മേഖലയിൽ പ്രവേശിക്കാൻ താൽപ്പര്യമുള്ള ഇൻഷുറൻസ് കമ്പനികളും ഇത്തരം സർവേയിൽ താൽപ്പര്യം കാണിച്ചേക്കാം.

## കാലാവസ്ഥ കാരണം കടലിൽ പോകുന്നത് വിലക്കുമ്പോഴുള്ള വരുമാന നഷ്ടത്തിനുള്ള ഇൻഷുറൻസ്

ഓഖിക്ക് ശേഷം, കാലാവസ്ഥാ മുന്നറിയിപ്പുകൾ മീൻപിടുത്തക്കാർ കൂടുതൽ പ്രാധാന്യത്തോടെ കണക്കിലെടുക്കുകയും വിലക്കുകൾ പാലിക്കുകയും ചെയ്യുന്നുണ്ട്. പലപ്പോഴും, പ്രാദേശിക തലത്തിൽ പ്രവചനങ്ങൾ തെറ്റാറുണ്ട്, ഇത് വലിയ സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വരുമാന നഷ്ടം നികത്തേണ്ടതാണ്. നഷ്ടമായ വരുമാനം നികത്താൻ ഒരു ഇൻഷുറൻസിന്റെ രൂപത്തിൽ ഒരു സംവിധാനം ഉണ്ടാകണം.

സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കണക്കനുസരിച്ച് 2019-ൽ 55 ദിവസമാണ് മത്സ്യബന്ധനത്തിന് വിലക്ക് പ്രഖ്യാപിച്ചതെങ്കിൽ 2020-ൽ 60 ദിവസമാണ് വിലക്കിയത്.[11] സജീവ മുഴുവൻ-സമയ മീൻപിടുത്തക്കാരായി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഒരു മിനിമം തുക നഷ്ടപരിഹാരമായി പരിഗണിക്കേണ്ടതാണ്.

സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ ഇതു സംബന്ധിച്ച് ഒരു പെറ്റിഷൻ വന്നപ്പോൾ അത്തരമൊരു നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ബാധ്യത ഉണ്ടെന്ന് വിധി പുറപ്പെടുവിച്ചിരുന്നു. പ്രതിദിനം 600 രൂപാ നിരക്കിൽ 2019-ൽ 55 ദിവസത്തേക്ക് സംസ്ഥാന സർക്കാർ എല്ലാ സജീവ മീൻപിടുത്തക്കാർക്കും (1.1 ലക്ഷം) നൽകണമെങ്കിൽ അതിന് മാത്രം 360 കോടി രൂപ വേണ്ടി വരും[12]. പക്ഷേ സംസ്ഥാന സർക്കാരിന്റെ 2019-20-ലെ ഫിഷറീസ് പ്ലാൻ ചെലവ് വകയിരുത്തിയത് വെറും 224 കോടി രൂപയാണ്.

കാലാവസ്ഥയുമായി ബന്ധപ്പെടുത്തിയുള്ള ഇത്തരം ഇൻഷുറൻസ് പരിരക്ഷ നൽകാൻ ഇൻഷുറൻസ് കമ്പനികൾ താൽപ്പര്യം കാണിച്ചേക്കാം. അവരെ സംബന്ധിച്ച് ഇതിൽ ക്ലെയിമുകൾ പരിശോധിക്കാനുള്ള ചെലവ് തീർത്തും കുറവാണ്. എങ്കിൽ പോലും,

[11] Many fishers do not abide by the warnings and do venture out to sea. However, they remain fishing close to the coast in their effort to earn income and reduce risks.
[12] In 2020 the days lost was 60 days and in 2021 it was already 70 days by November 2021

ഇതിന് പല വശങ്ങളുമുണ്ട്. വലിയ നഷ്ടങ്ങൾക്ക് ചെറിയ പരിഹാരം, ഒരു നഷ്ടവും സംഭവിക്കാതിരുന്നാലും നഷ്ടപരിഹാരം ചിലർക്ക് ലഭിക്കുന്നത് തുടങ്ങിയവ ഇതിൽ പെടുന്നു. ഏറെ പ്രധാനപ്പെട്ട കാര്യം, കാലാവസ്ഥയുമായി ബന്ധപ്പെട്ട ഇൻഷുറൻസ് സാധാരണമായുള്ള ഇൻഷുറൻസിന് പകരമാകാൻ പാടില്ലെന്നതാണ്, അത് ഒരു പൂരകമായ ഒന്നായിരിക്കണം.

അനേകം രാജ്യങ്ങൾ ഒത്തുചേർന്ന് അപകടസാധ്യത നേരിടാനുള്ള ഇൻഷുറൻസിന്റെ പൂളിംഗ് സംവിധാനങ്ങളെ ലോക ബാങ്ക് പിന്തുണയ്ക്കുന്നുണ്ട്. അത്തരം ദുരന്ത നിവാരണ ഉപാധികളെ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും പിന്തുണയ്ക്കുന്നു. കാർഷിക മേഖലയിൽ വിള നഷ്ടത്തിന് ഇൻഷുറൻസ് ഉണ്ടെന്ന കാര്യവും ഇവിടെ സൂചിപ്പിക്കുന്നു.

***[കേരള സംസ്ഥാന ആസൂത്രണ ബോർഡ് 14-ാം പഞ്ചവത്സ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി "മത്സ്യത്തൊഴിലാളികൾക്കായി സാമൂഹ്യ സരക്ഷ" എന്ന വിഷയത്തിൽ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് 2022 ജനുവരിയിൽ തയ്യാറാക്കിയ റിപ്പോർട്ടിലെ അധ്യായം 5-ന്റെ ഒരു സ്വതന്ത്ര സംക്ഷിപ്ത പരിഭാഷയാണിത്. ബാംഗളൂരിലെ അസിം പ്രേംജി യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായ ഡോ. ജോൺ കുര്യൻ അദ്ധ്യക്ഷനായ ഈ വർക്കിംഗ് ഗ്രൂപ്പിൽ മത്സ്യ മേഖലയിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളി-ബോട്ടുടമാ പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു. ICSF-ന് വേണ്ടി തർജ്ജമ ചെയ്തത് ഏ.ജെ. വിജയൻ]***